<u>പതിമൂന്നാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 243</u>      <u>11.06.2012 - ൽ മറുപടിക്ക്</u>

## <u>ചോമ്പാല, ഇടഞ്ചേരി, വടകര പ്രദേശങ്ങളിലെ ആക്രമണങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) 2012 മേയ് മാസത്തിൽ കോഴിക്കോട് ജില്ലയിലെ ചോമ്പാല, ഇടഞ്ചേരി, വടകര പോലീസ് സ്റ്റേഷൻ അതിർത്തികളിൽ വീടുകൾക്ക് നേരെ നടന്ന വ്യാപകമായ ആക്രമണങ്ങൾ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) വീടുകൾ ആക്രമിക്കപ്പെട്ടത് സംബന്ധിച്ച് ഇതിൽ ഓരോ പോലീസ് സ്റ്റേഷനിലും ആകെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം പരാതികളെക്കുറിച്ച് ഇനിയും അന്വേഷണം നടത്തേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) വടകര പോലീസ് സ്റ്റേഷൻ പരിധിയിൽ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല. എടച്ചേരി പോലീസ് സ്റ്റേഷൻ പരിധിയിൽ ഇതു സംബന്ധിച്ച് ലഭിച്ച പരാതികളിൻ മേൽ 43 കേസുകളും ചോമ്പാല പോലീസ് സ്റ്റേഷൻ പരിധിയിൽ ഇതു സംബന്ധിച്ച് ലഭിച്ച പരാതികളിൻ മേൽ 29 കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ലഭിച്ച എല്ലാ പരാതികളിൻമേലും അന്വേഷണം നടത്തിയിട്ടുണ്ട്. |
| (സി) എത്ര കേസുകളിൽ എഫ്.ഐ.ആർ. തയ്യാറാക്കപ്പെട്ടിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്യുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ? | (സി) ഇതു സംബന്ധിച്ച് എടച്ചേരി, ചോമ്പാല, പോലീസ് സ്റ്റേഷനുകളിലായി 72 കേസുകൾ രജിസ്റ്റർ ചെയ്ത് എഫ്.ഐ.ആർ. തയ്യാറാക്കിയിട്ടുള്ളതാണ്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143, 147, 148, 447, 427, 436, 472 വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത കേസുകളിൻമേൽ ആകെ 226 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |

Joseph
സെക്ഷൻ ഓഫീസർ